<u>ഭരണ ഭാഷ മാതൃഭാഷ</u>

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ്) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം-695011

കേരള സർക്കാർ

# മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം

നമ്പർ.എച്ച് 2/5345/2019/മെ.വി.വ.

**തീയതി: 21/12/2020**

## <u>പരിപത്രം</u>

വിഷയം : മെ.വി.കാ-ജീവനക്കാര്യം-മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ സോഷ്യൽ വർക്കർ തസ്തികയിൽ നിലവിലുള്ള ഒഴിവ് നികത്തുന്നതിനായി യോഗ്യരായ ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നത്- സംബന്ധിച്ച്,

സൂചന : 1. 20.06.1964 ലെ സ.ഉ.(കൈ) 424/64/എച്ച്.ഡി. നമ്പർ സർക്കാർ ഉത്തരവ്.

2. ഈ.കാര്യാലയത്തിൽ നിന്നുള്ള 21.12.2019 ലെ ഇതേ നമ്പർ പരിപത്രം.

3. 05.11.2020 ലെ സ.ഉ.(കൈ) 189/2020/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സോഷ്യൽ വർക്കർ തസ്തികയിൽ നിലവിലുണ്ടായിരുന്ന ഒഴിലേക്ക് സൂചന (2) പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു. അതിൽ സോഷ്യൽ വർക്കർ തസ്തികയുടെ ശമ്പള സ്കെയിലിന് തത്തുല്യമോ അതിന് താഴ്ന്നതോ ആയ ശമ്പള സ്കെയിലുള്ള ജീവനക്കാരിൽ നിന്നുള്ള അപേക്ഷകളാണ് ക്ഷണിച്ചിരുന്നത്. എന്നാൽ സൂചന (1) സർക്കാർ ഉത്തരവിൽ അത്തരത്തിൽ ഒരു പരാമർശം ഇല്ലാത്തതിനാൽ ടി അപാകത പരിഹരിക്കുന്നതിനായി പ്രസ്തുത പരിപത്രം ഇതിനാൽ റദ്ദ് ചെയ്യുന്നു. അതോടൊപ്പം സോഷ്യൽ വർക്കർ തസ്തികയിൽ (ശമ്പള സ്കെയിൽ 26500-56700) നിലവിലുള്ള രണ്ട് ഒഴിവുകൾ നികത്തുന്നതിനായി താഴെ സൂചിപ്പിച്ചിരിക്കുന്ന യോഗ്യത ഉള്ള മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

<u>യോഗ്യത :</u>

അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നും സോഷ്യോളജിയിൽ ബി.എ/ ബി.എസ്.സി ബിരുദവും സോഷ്യൽ വർക്കിൽ ഒരു വർഷത്തെ പ്രവൃത്തി പരിചയവും.

അല്ലെങ്കിൽ

അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നും സോഷ്യോളജിയിൽ ഡിപ്ലോമയും മൂന്ന് വർഷത്തെ പ്രവൃത്തി പരിചയവും.

<u>അഭികാമ്യം:</u>

ഹെൽത്ത് വിസിറ്റർ ആയി ട്രെയിനിങ് അല്ലെങ്കിൽ വി.ഡി.ട്രെയിനിങ്

അപേക്ഷ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള നിർദ്ദിഷ്ട മാതൃകയിൽ ആയിരിക്കേണ്ടതും അപേക്ഷകർ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ അവരുടെ സേവന പുസ്തകവുമായി ഒത്തു നോക്കി ശരിയാണെന്ന് അതാത് സ്ഥാപന മേധാവികൾ ഉറപ്പ് വരുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. അപേക്ഷയോടൊപ്പം യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഉള്ളടക്കം ചെയ്യേണ്ടതാണ്. അപേക്ഷകൾ 10.01.2021 നോ അതിന് മുമ്പോ ബന്ധപ്പെട്ട വകുപ്പ് മേധാവി മുഖേന അതാത് പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതും അതാത് പ്രിൻസിപ്പാൾമാർ അപേക്ഷകൾ പരിശോധിച്ച് പൂർണ്ണമാണെന്ന് ഉറപ്പ് വരുത്തി സാക്ഷ്യപ്പെടുത്തി 20.01.2021 നോ അതിന്

File No.DME/5345/2019-H2

മുമ്പോ ഈ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്.

21.12.2019 ലെ സർക്കുലറിന്റെ അടിസ്ഥാനത്തിൽ ലഭ്യമായിരിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. പുതിയ സർക്കുലറിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭിക്കുന്ന അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. വൈകി ലഭിക്കുന്നതും അപൂർണ്ണങ്ങളുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല. അപേക്ഷകൾ ഈ കാര്യാലയത്തിൽ നേരിട്ട് സമർപ്പിക്കുവാനും പാടുള്ളതല്ല. KS&SSR ചട്ടങ്ങൾക്കനുസൃതമായിട്ടായിരിക്കും നിയമനം നടത്തുന്നത്.

ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ഈ പരിപത്രത്തിന്റെ പകർപ്പ് സമയ ബന്ധിതമായി എല്ലാ ജീവനക്കാരുടെയും അറിവിലേക്കായി നൽകേണ്ടതാണ്.

Signature valid
Digitally signed by Thomas Mathew
Date: 2020.12.21 15:03:09 IST
Reason: Approved

THOMAS MATHEW
JOINT DIRECTOR (MEDICAL)

പകർപ്പ്:
1 പ്രിൻസിപ്പാൾ, ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം/കൊല്ലം/ ആലപ്പുഴ/ കോന്നി/കോട്ടയം/തൃശ്ശൂർ/ എറണാകുളം/ ഇടുക്കി/മഞ്ചേരി/ കോഴിക്കോട്/ കണ്ണൂർ/കാസർഗോഡ്
2 പ്രിൻസിപ്പാൾ, ഗവ. നഴ്സിങ് കോളേജ്, തിരുവനന്തപുരം/ആലപ്പുഴ/ കോട്ടയം/തൃശ്ശൂർ/ കോഴിക്കോട്/ എറണാകുളം
3 പ്രിൻസിപ്പാൾ, ഗവ. ദന്തൽ കോളേജ്, തിരുവനന്തപുരം/ആലപ്പുഴ/ കോട്ടയം/ തൃശ്ശൂർ /കോഴിക്കോട്
4 സൂപ്രണ്ട്, മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം/ ആലപ്പുഴ/കോട്ടയം/തൃശ്ശൂർ/ കോഴിക്കോട്
5 സൂപ്രണ്ട്, എസ്.എ.റ്റി ആശുപത്രി, തിരുവനന്തപുരം/ ഐ.സി.എച്ച്.കോട്ടയം /എം.സി.സി.എച്ച് തൃശ്ശൂർ/ ഐ.എം.സി.സി.എച്ച് കോഴിക്കോട്/ഐ.സി.ഡി കോഴിക്കോട്
6 അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ആർ.എച്ച്.സി.വക്കം, തിരുവനന്തപുരം/എം.സി.എച്ച് പാങ്ങപ്പാറ/ ആർ എച്ച് സി. ചെട്ടിക്കാട്, ആലപ്പുഴ/ എം.സി.എച്ച്.യൂണിറ്റ്, അമ്പലപ്പുഴ/കെ.എം.സി എച്ച്.സി.ഏറ്റുമാനൂർ, കോട്ടയം/പി.എച്ച്.സി തോളൂർ, തൃശ്ശൂർ/ എം.സി.എച്ച് യൂണിറ്റ്, ചെറുപ്പ, കോഴിക്കോട്
7 വെബ് സൈറ്റ് /ഫയൽ/കരുതൽ ഫയൽ

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സോഷ്യൽ വർക്കർ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ 20.06.1964 ലെ സ.ഉ.(കൈ) 424/64/എച്ച്.ഡി സർക്കാർ ഉത്തരവ് പ്രകാരം നികത്തുന്നതിനുള്ള അപേക്ഷ

| | | |
|---|---|---|
| 1 | അപേക്ഷകന്റെ പേര് | |
| 2 | അപേക്ഷകന്റെ തസ്തിക | |
| 3 | ജനനത്തീയതി | |
| 4 | ജോലി ചെയ്യുന്ന സ്ഥാപനം | |
| 5 | യോഗ്യത , വിദ്യാഭ്യാസം | |
| 6 | ശമ്പളം , ശമ്പള നിരക്ക് | |
| 7 | സർക്കാർ സേവനത്തിൽ പ്രവേശിച്ച തീയതി | |
| 8 | ഇപ്പോൾ സേവനം അനുഷ്ഠിക്കുന്ന തസ്തികയിൽ പ്രവേശിച്ച തീയതി | |
| 9 | ടി തസ്തികയിൽ നിരീക്ഷനകാല സേവനം പൂർത്തിയായതായി പ്രഖ്യാപിച്ച തീയതിയും ഉത്തരവ് നമ്പരും (ഉത്തരവിൻറെ പകർപ്പ് സഹിതം) | |
| 10 | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പ്രവേശിച്ച തീയതി | |
| 11 | യോഗ്യമല്ലാത്ത കാലം | |

മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും ശ്രദ്ധയിലും പെട്ടിടത്തോളം സത്യവും ശരിയുമാണെന്ന് ..........................................ആയ ഞാൻ പ്രസ്താവിക്കുന്നു. മേൽപ്പറഞ്ഞ വിവരങ്ങൾ തെറ്റാണെന്ന് തെളിയിക്കുന്ന പക്ഷം എന്നെ മേൽ നിയമനത്തിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

ഒപ്പ് :

പേരും തസ്തികയും :

സ്ഥലം:

സ്ഥാപനം:

തീയതി:

അപേക്ഷയിലെ ക്രമ നം.1 മുതൽ 11 വരെ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ടിയാളുടെ സേവന പുസ്തകവുമായി ഒത്തു നോക്കിയതിൽ നിന്നും ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:

തീയതി:

ഒപ്പ് :

തസ്തിക:

മേലധികാരിയുടെ

സ്ഥലം:

തീയതി:

ഓഫീസ് മുദ്ര

പ്രിൻസിപ്പാൾ

ഓഫീസ് മുദ്ര